I/190159/2022

**--ഭരണഭാഷ മാതൃഭാഷ--**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തിയതി-01-12-2022
ഇമെയിൽ- supdth.dge@kerala.gov.in
Phone- 0471-2580515

No: DGE/10110/2022-H3

പ്രേഷകൻ

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

*വിഷയം-* *പൊ.വി.വ- 2023 മാർച്ച് - പത്താം തരം പരീക്ഷ -ഒന്നാം ഭാഷ മാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്*

*സൂചന-* 1. 26.07.2018 ലെ എസ്1/141/2018/പൊ.വി.വ നം. സർക്കാർ പരിപത്രം
2. 14.07.2022 ലെ ഇതേ നം. കത്ത്
3. 22.11.2022 ലെ എസ്1/193/2022/പൊ.വി.വ നം. സർക്കാർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2022-2023 അദ്ധ്യയന വർഷത്തെ പത്താം തരം പരീക്ഷയിൽ ഒന്നാം ഭാഷയ്ക്ക് പകരം മറ്റ് അനുവദനീയ ഭാഷകളിൽ പരീക്ഷ എഴുതുന്നതിനായി, 03.10.2022 വരെ ഈ കാര്യാലയത്തിൽ ലഭ്യമായ എല്ലാ അപേക്ഷകളും സർക്കാരിലേയ്ക്കും സമർപ്പിക്കുകയും ആയത് പ്രകാരം 298 പേർക്ക് സൂചന(3) പ്രകാരം മറ്റ ഭാഷകളിൽ പരീക്ഷ എഴുതുവാൻ അനുമതിയും ലഭിച്ചിട്ടുണ്ട്. 03.10.2022 ന് ശേഷവും വിവിധ വിദ്യാഭ്യാസ ഉപഡയറക്റേറ്റ്/ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും നിരവധി അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ടി സാഹചര്യത്തിൽ ഡിസംബർ 20 വരെ കൂടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി അനുവദിക്കുന്നു. 03.10.2022 ന് ശേഷം ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ ഉൾപ്പെടെ (സൂചന 3 ൽ ഉൾപ്പെടാത്തവ), ഇനിയും ഭാഷാ മാറ്റം ആവശ്യമായിട്ടുള്ള അപേക്ഷകളും പരിശോധിച്ച് സൂചന (2) പ്രകാരം നൽകിയിട്ടുള്ള പെർഫോമയിൽ ക്രോഡീകരിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ **ഡിസംബർ 20** നു മുമ്പായി സമർപ്പിക്കേണ്ടതാണ്. *പ്രസ്തുത സമയപരിധിയ്ക്കു ശേഷം ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. ആയതിനാൽ കൃത്യമായും എല്ലാ അപേക്ഷകളും ഉൾപ്പെട്ടുത്തിയിട്ടുണ്ട് എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.*

വിശ്വസ്തതയോടെ

Signed by
Ambika C
Date: 01-12-2022 15:32:59

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**